**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 212** **24-02-2026 - ൽ മറുപടിയ്ക്ക്**

**കുടിവെള്ളം എത്തിക്കാൻ കർമ്മ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എല്ലാ വീടുകളിലും എല്ലാ ദിവസവും മുടക്കമില്ലാതെ കുടിവെള്ളം ലഭ്യമാക്കുന്നതിനായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | State Plan, KIIFB, RKI, AMRUT, ഏഷ്യൻ ഡെവലപ്മെൻറ് ബാങ്കിൻറെ (എഡിബി) സഹായത്തോടെയുള്ള "കേരള അർബൻ വാട്ടർ സർവ്വീസസ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (KUWSIP)' എന്നീ പദ്ധതി യിലൂടെയും കേന്ദ്ര-സംസ്ഥാന സർക്കാർ സംയുക്ത പദ്ധതിയായ ജൽ ജീവൻ മിഷൻ പദ്ധതിയിലൂടെയും ത്രിതല പഞ്ചായത്തുകൾ തുക Deposit ചെയ്ത് നടപ്പിലാക്കുന്ന പദ്ധതിയിലൂടെയും ഓരോ പ്രദേശങ്ങളിലെയും ഭൂപ്രകൃതിക്ക് അനുയോജ്യമായ വിവിധ പ്രവൃത്തികൾ ആവിഷ്കരിച്ച് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി ദർഘാസ് ക്ഷണിച്ച് കരാർ വെച്ച് പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.<br><br>• അമൃത് 2.0 ന്റെ നിയമാവലി പ്രകാരം അമൃത് നഗരങ്ങളിൽ ഒരു വാർഡിലെ ങ്കിലും ഒരു നിശ്ചിത മർദ്ദത്തിലും ടാപ്പിൽ നേരിട്ട് ഉപയോഗിക്കത്തക്ക നിലവാര ത്തിലുള്ള തുമായ കുടിവെള്ള വിതരണം, 24x7 എന്ന രീതിയിൽ ഉറപ്പാക്കണമെന്നു നിഷ്കർഷിക്കുന്നുണ്ട്. ഇതിനായി ആവശ്യ മായ ഇടങ്ങളിൽ പൈപ്പുലൈനുകൾ മാറ്റിസ്ഥാപിച്ചും നിലവിലുള്ള ചോർച്ചപരമാവധി കുറച്ചും അനധികൃത ജലചൂഷണം ഒഴിവാക്കി NRW കുറച്ചും ഉപഭോക്താക്കൾക്ക് നിലവാരമുള്ള ശുദ്ധമായ കുടിവെള്ളം ഉറപ്പാക്കാനാണ് ലക്ഷ്യമിടുന്നത്. കേരളത്തിലെ 8 നഗര സഭകളിലായി പത്തു പ്രദേശങ്ങളിൽ 24X7 ജലവിതരണം നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കോഴിക്കോട് കോർപ്പറേഷനിലെ രണ്ടു വാർഡുകളായ നെല്ലിക്കോട്ടും എടക്കാട്ടും |

| | | | |
|---|---|---|---|
| | | | ഇതിനായി ഭരണാനുമതി നൽകുകയും പ്രവൃത്തി ആരംഭിയ്ക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള പ്രവൃത്തികൾക്കു ഭരണാനു മതിക്കായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ വിശദാംശങ്ങൾ **<u>അനുബന്ധമായി</u>** ചേർക്കുന്നു.<br>• ഇതു കൂടാതെ അമൃത് 1.0 പദ്ധതിയിൽ തൃശ്ശൂർ കോർപറേഷന്റെ കീഴിലെ ചെമ്പുക്കാവ് വാർഡിൽ WET Upgradation (Water Efficient Thrissur) പ്രവൃത്തിയിലൂടെ 24x7 ജലവിതരണത്തി നായുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.<br>• ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ (എഡിബി) സഹായത്തോടെയുള്ള "കേരള അർബൻ വാട്ടർ സർവ്വീസസ് ഇംപ്രൂവ്മെന്റ് പ്രോജക്റ്റ് (KUWSIP)" പദ്ധതി കൊച്ചി, തിരുവനന്തപുരം എന്നീ നഗരങ്ങളിൽ 24 x 7 ജലവിതരണ സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. ടി പദ്ധതിക്കായി 2511 കോടി രൂപയുടെ ഭരണാനുമതി GO (Ms) No. 13/2020/WRD നമ്പർ ഉത്തരവ് പ്രകാരം 07.02.2020 ൽ നൽകിയിട്ടുണ്ട് ADB യും സംസ്ഥാന സർക്കാരും 70:30 അനുപാതത്തിലാണ് പദ്ധതിയുടെ ചെലവ് പങ്കിടുന്നത്. എ.ഡി.ബി 23.11.2023-ൽ, KUWSIP പദ്ധതിക്കായി ആദ്യ ഘട്ടത്തിൽ 170 മില്യൺ US ഡോളർ എഡിബി വായ്പയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. കൊച്ചി നഗരത്തിലെ ജലവിതരണശൃംഖല നവീകരിക്കലും, വിപുലപ്പെടുത്തലും എന്ന 10 വർഷത്തേക്കുള്ള ഓപ്പറേഷൻ & മെയിന്റനൻസ് (O&M) കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രവൃത്തിയുടെ ദർഘാസ് 17-05-2025 തീയതിയിലെ G.O (Ms) നമ്പർ 38/2025/WRD ഉത്തരവ് പ്രകാരം L1 ബിഡറായ M/s. SUEZ Projects Pvt. Ltd. JV with M/s.. SUEZ Eau France, ന് 938.70 കോടി രൂപ നിരക്കിൽ (Exd, Provisional Sum & GST) അംഗീകരിക്കുകയും, പ്രവൃത്തി 29.12.2025 ൽ ആരംഭിക്കുകയും ചെയ്തു. |
| (ബി) | പട്ടികജാതി പട്ടികവർഗ്ഗം, മത്സ്യത്തൊഴിലാളി എന്നീ വിഭാഗങ്ങൾ താമസിക്കുന്ന സ്ഥലങ്ങളിലടക്കം മുടക്കമില്ലാതെ കുടിവെള്ളം ലഭിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗം, മത്സ്യത്തൊഴിലാളി എന്നീ വിഭാഗങ്ങൾ താമസിക്കുന്ന സ്ഥലങ്ങളിലടക്കം എല്ലാ പ്രദേശങ്ങളിലും നിലവിൽ ലഭ്യമായ ജലസ്രോതസ് ഉപയോഗിച്ച് പരമാവധി |

| | | | |
|---|---|---|---|
| | | | ജലവിതരണം നടത്തിവരുന്നു. ഏതെങ്കിലും അറ്റകുറ്റ പണികളോ വൈദ്യുത തടസ്സമോ വരുമ്പോൾ ജലവിതരണം മുടങ്ങുന്നത് സമയബന്ധിതമായി പരിഹരിച്ചു വരുന്നു. JJM, AMRUT, NABARD, STATE PLAN- മുതലായവയിൽ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ പൂർത്തീകരിക്കുമ്പോൾ ജലവിതരണം കൂടുതൽ കാര്യക്ഷമമാകുന്നതാണ്. |
| (സി) | അധസ്ഥിത വിഭാഗങ്ങൾ താമസിക്കുന്ന ഇടങ്ങളിൽ മുൻഗണനാ ക്രമത്തിൽ കുടിവെള്ളം എത്തിക്കാൻ കർമ്മ പദ്ധതികൾ രൂപീകരിക്കുമോ; വിശദമാക്കാമോ? | (സി) | അധഃസ്ഥിത വിഭാഗങ്ങൾ താമസിക്കുന്ന ഇടങ്ങളിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾക്ക് മുൻഗണന നൽകി വരുന്നുണ്ട്. പ്രസ്തുത പ്രദേശങ്ങളിൽ JJM പദ്ധതി മുഖാന്തിരം വിവിധ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. ജെ.ജെ.എം, പ്രത്യേക കുടിവെള്ള പദ്ധതികൾ, തദ്ദേശ-സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ടാങ്കർ വഴി എസ്.സി.എസ്.ടി കോളനികൾ ഉൾപ്പെട്ട മേഖലകളിൽമുൻഗണന നൽകി കുടിവെള്ള വിതരണം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ SC/ST കോളനികൾ, ദുർഘട പ്രദേശങ്ങൾ ജലക്ഷാമം ഉള്ള പ്രദേശങ്ങൾ എന്നിവയ്ക്ക് പരിഗണന നൽകി പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

**ANNEXURE - AMRUT 24 X 7 PROPOSALS**

| SL NO | ULB | NAME OF WORK | PROPOSED AMOUNT(CR) |
|---|---|---|---|
| 1 | THIRUVANANTHAPURAM | Providing 24 x 7 Water Supply at Arannor Ward of Thiruvananthapuram Corporation under AMRUT 2.0<br>Beneficiaries-3550 | 8.60 |
| 2 | KOLLAM | AMRUT 2.0 - Providing 24 X 7 Water Supply and introducing Drink from Tap in division No. 55, Kannimmelcherry of Kollam Corporation.<br>Beneficiaries- 2625 | 14.201 |
| 3 | ALAPPUZHA (M) | Alappuzha Municipality- (24/7) Pressurised Water Supply Project in Nehru Trophy Ward & Thirumala Ward.<br>Beneficiaries- 1664 | 11.503 |
| 4 | THRISSUR | 24/7 Water Supply Scheme- Thrissur Municipal Corporation Wards 28 & 29.<br>Beneficiaries- 3450 | 10.50 |
| 5 | GURUVAYOOR (M) | AMRUT 2.0- 24x7 Water Supply System for Guruvayur Municipality.<br>Beneficiaries- 2700 | 10.50 |
| 6 | PALAKKAD (M) | AMRUT 2.0 - Implementation of 24X7 Water Supply in Palakkad Municipality- Implementation in Wards 24,25,26, and 27<br>Beneficiaries- 3750 | 14.06 |
| 7 | KANNUR | Providing 24X7 Water Supply in the District Metered Area of Kannur Corporation.<br>Beneficiaries- 2970 | 3.945 |
| 8 | CHITTUR-THATHAMANGALAM (M) | AMRUT 2.0- SWAP 3- Providing 24 x 7 Water Supply to Ward 4 – Chembakassery & adj. Habitations at Chittur Thathamangalam Municipality<br>Beneficiaries- 1250 | 9.52 |